സ്പാനിന്റെ 3 ബീമിൽ 2 ബീം പൂർത്തിയായിട്ടുണ്ട്. ഒരെണ്ണത്തിന്റെ പണി നടന്നുവരികയാണ്. മൂന്നാമത്തെ സ്പാനിന്റെ 1 ബീം പൂർത്തിയായി. ബോർഡ് കാസ്റ്റ് ഇൻ-സിറ്റു പൈലുകളുടെ ഫൗണ്ടേഷനാണ് പാലത്തിന്റെ തൂണുകൾക്ക് നൽകിയിട്ടുണ്ട്. പാലത്തിന്റെ ഇരുവശങ്ങളിലുമായുള്ള 835 മീറ്റർ നീളമുള്ള സമീപറോഡിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

(സി) 2012 മാർച്ചിൽ പണി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രസ്തുത പ്രവൃത്തി മാർച്ച് 2012-ൽ പൂർത്തീകരിക്കുന്നതിനുള്ള ഒരു പ്രോഗ്രാം ചാർട്ട് തയ്യാറാക്കി. അതുപ്രകാരം പണികൾ നടത്തുന്നതിന് കരാറുകാരന് കർശന നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

നുച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡ് പുനരുദ്ധാരണം

222 (1950) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ സഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ നുച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡ് എം.ഡി.ആർ. കാറ്റഗറിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന് താമസമുണ്ടെങ്കിൽ പ്രസ്തുത റോഡിന്റെ ഉപരിതലം പുതുക്കൽ നടപടി പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നബാർഡിന്റെ സഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ നുച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡ് O. D. R/V. R കാറ്റഗറിയിൽ പ്പെട്ടതാണ്. ഇത് MDR കാറ്റഗറിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

പുളിക്കീഴ് പാലം നിർമ്മാണം

223 (1951) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കാർത്തികപ്പള്ളി പുളിക്കീഴ് പാലം നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ട് എത്ര മാസങ്ങളായി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly